**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3317** **15-02-2024 - ൽ മറുപടിയ്ക്ക്**

**വടകര നിയോജകമണ്ഡലത്തിൽ പാലം നിർമ്മിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്തെ ബ്രിഡ്ജ് വിഭാഗത്തിന് കീഴിൽ വടകര നിയോജക മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിക്കായും അനുവദിച്ച ഫണ്ടുകളുടെയും ഭരണാനുമതി ഉത്തരവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വടകര നിയോജക മണ്ഡലത്തിലെ അഴിത്തലക്കടവിൽ പാലത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. എസ്റ്റിമേറ്റ് തുക 5,20,000/-രൂപയാണ്. |
| (ബി) | വടകര നിയോജക മണ്ഡലത്തിലെ തോണിത്തലയ്ക്കൽ പാലം ഒരു വശം തകർന്ന് അപകടാവസ്ഥയിൽ ആയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പാലത്തിന്റെ അപ്രോച്ച് റോഡിൽ വിള്ളൽ വീണത് പൊതുമരാമത്ത് റോഡ്സ് വിഭാഗം പരിഹരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ സൈഡ് പ്രൊട്ടക്ഷനുവേണ്ടി 24.21 ലക്ഷം രൂപയുടെ മെയിന്റനൻസ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന നടപടി പുരോഗമിച്ചു വരുന്നു. |
| (സി) | തോണിത്തലയ്ക്കൽ പാലം പുതുക്കിപ്പണിയുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം അടിയന്തര പ്രാധാന്യം നൽകി പരിഗണിക്കുമോ; | (സി) | തോണിത്തലക്കൽ പാലം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനും (എസ്റ്റിമേറ്റ് തുക -2,00,000/- രൂപ) മെയിന്റനൻസ് വർക്കിനുവേണ്ടിയുള്ള (24,21,000/- രൂപ) എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വടകര നിയോജക മണ്ഡലത്തിലെ ഉരുത്തിമുക്ക് പാലം നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഈ പദ്ധതിക്കായി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുമോ; ഇതിനായി എത്ര തുകയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്; | (ഡി) | ഉരുത്തിമുക്ക് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയായി. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡിസൈൻ ലഭ്യമാക്കുന്നതിന് വേണ്ടി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചു വരുന്നു. പഠനത്തിനായി 4,40,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഇ) | ഉരുത്തി മുക്കിൽ പുതിയ പാലം എപ്പോഴത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാകുമോ? | (ഇ) | ഉരുത്തി മുക്ക് പാലത്തിന്റെ ഡിസൈൻ ലഭ്യമാവുന്ന മുറയ്ക്ക് പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ